# സെന്റ് തോമസ് എൽ.പി.സ്കൂൾ
# ആനക്കുളം

സമഗ്ര ഗുണമേന്മ
വിദ്യാഭ്യാസം

# അക്കാദമിക്
# മാസ്റ്റർപ്ലാൻ

## ആമുഖം

കേരളത്തിലെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റാനുള്ള പ്രവർത്തനങ്ങൾ 2017-18 അക്കാദമിക വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിദ്യാഭ്യാസ രംഗത്ത് നിരവധി മാറ്റങ്ങൾ പ്രകടമാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി മുന്നോട്ടുവെച്ച ആശയമാണ് എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ വികസിപ്പിക്കുക എന്നത്.

10-10-2023 ൽ പ്രൈമറി ക്ലാസ്സുകളിലെ വിദ്യാഭ്യാസ ഗുണത വർദ്ധിപ്പിക്കുന്നതിനായി സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കിയിരുന്നു.

വിദ്യാലയത്തിലെ ഓരോ കുട്ടിയും പഠനപുരോഗതിയും സമഗ്ര വികസനവും ഉറപ്പാക്കുന്നതിന് അക്കാദമിക ആസൂത്രണം വിവിധ തലങ്ങളിൽ നടക്കേണ്ടതുണ്ട്. സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാൻ ഒരു പൊതുവായ ചട്ടക്കൂടാണ്. ഇത് വിദ്യാലയത്തിന്റെ കാഴ്ചപ്പാടും അക്കാദമിക ലക്ഷ്യങ്ങളും പ്രവർത്തന പരിപാടികളും ഉൾകൊള്ളുന്നു. എന്നാൽ ഈ ലക്ഷ്യങ്ങൾ എല്ലാ ക്ലാസ്സ് മുറിയിലും ഓരോ കുട്ടിയുടേയും തലത്തിൽ പ്രാവർത്തികമാക്കേണ്ടതുണ്ട്.

### ക്ലാസ്സ്തല മാസ്റ്റർപ്ലാൻ

ഓരോ ക്ലാസ്സിലേയും കുട്ടികളുടെ പൊതുവായ പഠന ആവശ്യകതകളും വിഷയങ്ങളിലെ പഠന ലക്ഷ്യങ്ങളും അടിസ്ഥാനമാക്കി തയ്യാറാക്കുന്ന ആസൂത്രമമാണിത്.

### വ്യക്തിഗത മാസ്റ്റർ പ്ലാൻ

ഓരോ കുട്ടിയുടെയും സവിശേഷമായ പഠനശേഷികൾ താൽപര്യങ്ങൾ വെല്ലുവിളികൾ എന്നിവ തിരിച്ചറിഞ്ഞ് അവർക്ക് ആവശ്യമായ പ്രോത്സാഹനവും പഠനപിന്തുണയും അവസരങ്ങളും ഒരുക്കുന്നതിനുള്ള സൂക്ഷ്മതല ആസൂത്രണമാണിത്.

### പ്രസക്തി

2025-26 അക്കാദമികവർഷം സമഗ്ര ഗുണമേന്മ വർഷമാണ് പാഠ്യപദ്ധതി ചട്ടക്കൂട് 2023 പ്രകാരം 1 മുതൽ 10 വരെയുള്ള പാഠപുസ്തകങ്ങളെല്ലാം പരിഷ്കരിച്ചിട്ടുണ്ട് മൂല്യനിർണയ പ്രക്രിയയിലും മാറ്റങ്ങൾ ഇതിനകം വരുത്തിയിട്ടുണ്ട് സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസത്തെ സമഗ്രമായി കണ്ടുകൊണ്ട് വിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തന പദ്ധതിക്കായി മാർഗരേഖ നിർദ്ദേശങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചുത്തരവായിട്ടുണ്ട്.

17-5-2015 ന് വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ച അധ്യാപകശാക്തീകരണ പരിശീലന പരിപാടിയെ തുടർന്ന് ഈ വിദ്യാലയത്തിലെ അധ്യാപകർ ഒത്തുചേർന്ന് യോഗം ചേരുകയും അക്കാദമിക മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും പിടിഎ എക്സിക്യൂട്ടീവ് കമ്മിറ്റി ചേരുവാൻ തീരുമാനമെടുക്കുകയും ചെയ്തു. 13-6-2025 നു പി.ടി.എ എക്സിക്യൂട്ടീവിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതിന്റെ പ്രാഥമിക ഘട്ടങ്ങൾ ചർച്ച ചെയ്യുകയും അതിനായി ജനറൽബോഡി വിളിച്ച് ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

കൺവീനർ : ജിജോ വണ്ടിപ്പുരക്കൽ

അംഗങ്ങൾ : റീത്താ സജിത്ത്

സാലി സജി

അശ്വതി വിമൽ

പ്രിയ ജോൺ

അലീഷാ പി കുര്യൻ

ആൻഡ് പുത്തൻപുരക്കൽ

27-06-2025ന് നടന്ന പി.ടി.എ ജനറൽ ബോഡിയിൽ മാസ്റ്റർപ്ലാൻ കരട് രൂപം അവതരിപ്പിച്ച വേണ്ട കൂട്ടിച്ചേർക്കലുകൾ നടത്തി.

## വിദ്യാലയ ചരിത്രം

1953 ജൂൺ 18ന് മലബാർ കുടിയേറ്റ കാലത്ത് ഈ പ്രദേശത്ത് സ്ഥാപിക്കപ്പെട്ട വിദ്യാലയമാണ് ആനക്കുളം സെന്റ് തോമസ് എൽ.പി സ്കൂൾ. ഒന്നുമുതൽ അഞ്ചുവരെ ക്ലാസുകളോടുകൂടിയ ഈ സ്കൂൾ കാവിലുംപാറ പഞ്ചായത്തിലെ ആദ്യ വിദ്യാലയങ്ങളിൽ ഒന്നാണ്. 17 ഡിവിഷനുകളും 600 ൽ പരം കുട്ടികളും അന്ന് വിദ്യാലയത്തിൽ ഉണ്ടായിരുന്നു. ആദ്യകാലത്ത് സ്പോർട്സ് രംഗത്ത് നിരവധി പ്രതിഭകളെ സൃഷ്ടിക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്

കാർഷിക മേഖലയിൽ ഉണ്ടായ തകർച്ച മൂലം ഈ പ്രദേശത്തുനിന്ന് ആളുകൾ താമസം മാറുകയും 2009 മുതൽ ഈ സ്കൂൾ അനാഥായ ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തു. മാത്രമല്ല ആദ്യകാല വിദ്യാലയം നിലനിന്നിരുന്ന സ്ഥലം കുടി വെള്ളക്ഷാമവും യാത്ര ക്ലേശവും മൂലവും കുട്ടികൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടായി. കൂടാതെ കാറ്റിന്റെയും ഇടിയുടെയും ശല്യം സ്കൂളിന് പ്രതികൂലമായി ബാധിച്ചു ഈ സാഹചര്യത്തിലും കുട്ടികൾ പഠന പാഠ്യേതര രംഗത്ത് മികവ് തെളിയി ച്ചിരുന്നു. എൽ.എസ്.എസ്, കലാമേള, ശാസ്ത്രമേള എന്നിവയിൽ തങ്ങളുടെ സാന്നിധ്യം ഉറപ്പിക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിരുന്നു.

2025-26 അധ്യയന വർഷം ഈ വിദ്യാലയത്തിൽ 53 കുട്ടികൾ അധ്യയനം നടത്തുന്നു. അതിൽ 25 ഒ.ബി.സി കുട്ടികളും 27 ജനറൽ കുട്ടികളും ഒരു എസ്.ടി കുട്ടിയുമാണ് ഉള്ളത്.

## സ്റ്റാഫ് വിവരങ്ങൾ

| | | |
|---|---|---|
| പ്രധാനാധ്യാപകൻ | : | ആൻഡ്രൂസ് റ്റി.ജി |
| അധ്യാപകർ | : | പ്രിയ ജോൺ |
| | | ജോഷി ജേക്കബ് |
| | | അലിഷ പി. കുര്യൻ |
| | | അതുൽ ജോർജ് |
| പ്രീ പ്രൈമറി അധ്യാപിക | : | ആശ ഓമനക്കുട്ടൻ |
| പാചക തൊഴിലാളി | : | ലിജി ഊട്ടിക്കൽ |
| ഡ്രൈവർ | : | മനോജ് കാവുങ്കൽ താഴെ |
| | | ബിജു പൊയിലോംചാൽ |
| എസ്.ആർ.ജി കൺവീനർ | : | പ്രിയ ജോൺ |
| സെക്രട്ടറി | : | പ്രിയ ജോൺ |
| ലൈബ്രറി | : | അലീഷ പി കുര്യൻ |
| ഉച്ചഭക്ഷണം | : | ജോഷി ജേക്കബ് |

### 2024 25 നേട്ടങ്ങൾ ഇതുവരെ

## ഉപജില്ല ശാസ്ത്രമേള

പരീക്ഷണം L P - A Grade

പരീക്ഷണം U P - B Grade

## പഞ്ചായത്ത് കലാമേള

| | |
|---|---|
| സംഘഗാനം | First - A Grade |
| ദേശഭക്തിഗാനം | A Grade |
| ലളിതഗാനം | Second A Grade |
| കടങ്കഥ | Third A Grade |
| മലയാള പദ്യം ചൊല്ലൽ | Third A Grade |
| ആക്ഷൻ സോംഗ് | A Grade |
| കഥാകഥനം | Third A Grade |
| മാപ്പിളപ്പാട്ട് | A Grade |

ഇംഗ്ലീഷ് പദ്യം ചൊല്ലൽ A Grade

ഇംഗ്ലീഷ് ആക്ഷൻ സോംഗ് B Grade

പ്രസംഗം A Grade

**<u>ഉപജില്ലാ കലാമേള</u>**

സംഘഗാനം A Grade

നാടോടിനൃത്തം A Grade

അഭിനയഗാനം A Grade

ലളിതഗാനം A Grade

കഥാകഥനം A Grade

മലയാള പദ്യം ചൊല്ലൽ B Grade

## പൊതു ലക്ഷ്യങ്ങൾ

പൊതു സമൂഹം ആഗ്രഹിക്കുന്ന തരത്തിൽ മികച്ച പഠന നിലവാരം ഉറപ്പാക്കുക പൊതു വിജ്ഞാനം വർദ്ധിപ്പിക്കാൻ കഴിയുക

മാതൃഭാഷക്ക് പ്രഥമ പരിഗണന നൽകിക്കൊണ്ട് തന്നെ ഇംഗ്ലീഷ് പഠനം കാര്യക്ഷമമാക്കുക

ഉച്ചാരണ ശുദ്ധിയോടെ സംസാരിക്കാനും വായിക്കാനും അക്ഷരതെറ്റ് കൂടാതെയും വ്യാകരണതെറ്റ് കൂടാതെയും എഴുതാൻ കഴിയുക

ചതുഷ്ക്രിയകൾ കൃത്യതയോടെയും വേഗത്തിലും ചെയ്യാൻ കഴിയുക

മുഴുവൻ കുട്ടികളെയും ഓരോ ക്ലാസ്സിലേയും അടിസ്ഥാന ആശയങ്ങളിൽ നൈപുണ്യം നൽകുക

വസ്തുതകളെ ശാസ്ത്രീയമായി സമീപിച്ച് ശാസ്ത്രാവബോധം വളർത്തി കാലത്തിന്റെ വെല്ലുവിളികളെ അതിജീവിക്കാൻ പ്രാപ്തരാക്കുക

നല്ല ശീലങ്ങളും സ്വഭാവങ്ങളും വളർത്തിയെടുക്കുക

കലാ-കായിക രംഗങ്ങളിൽ കുട്ടികളുടെ കഴിവ് പരമാവധി പ്രോത്സാഹിപ്പിക്കുക

കുട്ടികളെ ശുചിത്വ ബോധമുള്ളവരാക്കി വളർത്തുക

അധ്വാനത്തിന്റെ മഹത്വം, മണ്ണ്, വെള്ളം, വായു എന്നിവയുടെ പ്രാധാന്യം, കൃഷിയോടുള്ള ആഭിമുഖ്യം ഇവ വളർത്തുക

സ്വാശ്രയ ശീലം വളർത്തി ജീവിത വിജയം നേടുക

## അവസ്ഥാ വിശകലനം

### ഭൗതികം

സ്വന്തമായി 50 സെന്റ് സ്ഥലം മാനേജ്മെന്റ് വിദ്യാലയത്തിന് നൽകി. അഞ്ച് ക്ലാസ്സ് മുറികളുള്ള ഒരു കെട്ടിടവും വരാന്തയും അതിനോട് ചേർന്ന് ഒരു ഓഫീസ് റൂമും ചേർന്നതാണ് സ്കൂൾ. പ്രധാന കെട്ടിടത്തോട് ചേർന്ന് തന്നെ നഴ്സറി സ്കൂളും പ്രവർത്തിക്കുന്നു. എല്ലാ മുറികളിലും ഫാനും ലൈറ്റുമുണ്ട്. ലൈബ്രറി പുസ്തകങ്ങൾ സ്കൂളിന്റെ പൊതു ലൈബ്രറിയുടെ അലമാരയിൽ സൂക്ഷിക്കുന്നു.

ഉച്ചഭക്ഷണം പാകം ചെയ്യാനുള്ള അടുക്കളയിൽ എൽ.പി.ജി കണക്ഷൻ ലഭിച്ചിട്ടുണ്ട്. ശുദ്ധജലത്തിനായി കുടിവെള്ള സ്രോതസ്സായ ഓലിയെയാണ് ആശ്രയിക്കുന്നത്. പ്രതിമാസം പി.ടി.എ കമ്മറ്റി അത് വൃത്തിയാക്കുന്നു.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ടോയ്‌ലെറ്റുകൾ ഉണ്ട്. സ്വന്തമായി ഒരു ലാപ്ടോപ്പും നെറ്റ് കണക്ഷനും പ്രയോജനപ്പെടുത്തി കളിപ്പെട്ടി, ഇ.വിദ്യ എന്നീ ക്ലാസ്സുകൾ നടത്തുന്നു. ചെടിചട്ടികൾ വെച്ച് സ്കൂൾമുറ്റം അലങ്കരിച്ചിട്ടുണ്ട്.

## അക്കാദമികം

ഒന്നുമുതൽ അഞ്ചുവരെ 53 കുട്ടികളും നഴ്സറി ക്ലാസ്സിൽ 13 കുട്ടികളും പഠിക്കുന്നു. സ്കൂൾ കുട്ടികൾക്കായി വാഹനസൗകര്യം ഏർപ്പെടുത്തിയതും നഴ്സറി ആരംഭിച്ചതും അഡ്മിഷൻ വർദ്ധിക്കാൻ കാരണമായിട്ടുണ്ട്.

എല്ലാ ദിവസവും മോണിംഗ് അസംബ്ലി നടത്തുന്നു. തിങ്കളാഴ്ച ഇംഗ്ലീഷ് അസംബ്ലിയാണ് നടക്കുന്നത്. പ്രാർത്ഥന, പ്രതിജ്ഞ, പത്രവായന, ഇന്നത്തെ ചന്താവിഷയം, പുസ്തക പരിചയം, ബി പ്ലസ്സ് (പത്രം), അധ്യാപകരുടെ പത്ര വാർത്താ വിശകലനം എന്നിവയാണ് നടക്കുന്നത്.

എല്ലാ വെള്ളിയാഴ്ചയും പത്രക്വിസ് നടന്നു വരുന്നു. പ്രതിദിനം രണ്ട് ചേദ്യങ്ങൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കും. അതിന്റെ ഉത്തരം പെട്ടിയിൽ നിക്ഷേപിക്കണം. ഏറ്റവും കൂടുതൽ തവണ ശരിയുത്തരം നേടിയവർക്ക് പ്രതിമാസം സമ്മാനം നൽകുന്നു. ഈ ചോദ്യങ്ങൾ അടിസ്ഥാനമാക്കിയാണ് ആഴ്ചയിലെ ക്വിസ് മത്സരം.

എല്ലാ തിങ്കളാഴ്ചയും ഹല്ലോ ഇംഗ്ലീഷ് ക്ലാസ്സുകൾ നടത്തി വരുന്നു. സർഗ്ഗ വേള കൾ ക്ലാസ്സ് തലത്തിൽ എല്ലാ വെള്ളിയാഴ്ചയും നടത്തിവരുന്നു. ക്ലബ്ബ് പ്രവർത്തനങ്ങൾ മാസത്തിൽ ഒന്ന് നടക്കുന്നു.

എൽ.എസ്.എസ് പരിശീലനവും പ്രവർത്തി പരിചയം (രക്ഷിതാവിന്റെ പങ്കാളിത്തം) ക്ലാസ്സുകളും നടക്കുന്നുണ്ട്.

## പരിമിതികൾ

50 സെന്റ് വിസ്തൃതിയുള്ള സ്കൂൾ പറമ്പിനും ഗ്രൗണ്ടിനും ചുറ്റുമതിൽ ആവശ്യമാണ്. ജൈവ വൈവിധ്യ പാർക്കുകൾ സ്ഥാപിതമാവണം. റാപ്പ് ആന്റ് റെയിൽ സൗകര്യങ്ങളും സ്കൂളിന് ആവശ്യമാണ്.

എല്ലാറ്റിനുമുപരിയായി ക്ലാസ്സ് റൂമിന് സെപ്പറേറ്റിംഗ് വാൾ ആവശ്യമാണ്. ഒപ്പം ക്ലാസ്സ് റൂം ടൈൽ പതിച്ച് വൃത്തിയാക്കേണ്ടതുമാണ്. ലാബ്, ലൈബ്രറി,കമ്പ്യൂട്ടർ റൂം എന്നിവയും ഈ വിദ്യാലയത്തിന് ആവശ്യമാണ്.

## കാഴ്ചപ്പാട്

പഠനം ആനന്ദദായകമായ അനുഭവമാകണം

വിദ്യാലയം ശിശു സൗഹൃദാന്തരീക്ഷം ഉറപ്പാവുന്നതാകണം

ജാതി മത ലിംഗ വർണ്ണ ഭേദമില്ലാതെ എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം ഉറപ്പാക്കണം

പാഠപുസ്തക പഠനത്തിനപ്പുറം വാതിൽ പുറ പഠനത്തിന് സാധ്യതയൊരുങ്ങണം

ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി ക്ലാസ്സ് മുറികളിൽ അിറവുകൾ വിനിമയം ചെയ്യണം.

മൂല്യ നിർണ്ണയം സൗഹാർദ്ദപരമായി നടക്കണം

പാർശ്വ വത്കരിക്കപ്പെട്ട കുട്ടികളോടും ഭിന്നശേഷിക്കാരായ കുട്ടികളോടും അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കുന്ന തലമുറ വളർന്നു വരണം

ഗുണത, തുല്യത എന്നിവ ലഭ്യമാക്കുന്ന ബോധന സമ്പ്രദായമാണ് വേണ്ടത്.

## സ്വപ്നം

സ്വപ്നങ്ങൾ ചിട്ടയായ പ്രവർത്തനത്തിലൂടെ യാഥാർത്ഥ്യമാവും എന്ന പ്രതീക്ഷ യോടെ മികച്ച പഠനാന്തരീക്ഷം

ഉയർന്ന നിലവാരം പ്രകടിപ്പിക്കുന്ന കുട്ടികൾ

എന്റെ വീട് എന്റെ വിദ്യാലയം

എല്ലാവർക്കും എൽ.എസ്.എസ്

വിദ്യാലയത്തിന്റെ ഭൗതീക സൗകര്യങ്ങൾ

ജൈവ വൈവിധ്യ പാർക്കുകൾ

ശലഭോദ്യാനം

മാനസീകോല്ലാസം നൽകുന്ന കളിയുപകരണങ്ങൾ

അർപ്പണ മനോഭാവമുള്ള അധ്യാപകർ

ശക്തമായ പി.ടി.എ

നാട്ടുകാരുടെ സഹകരണം

6,7 ക്ലാസ്സുകൾ

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാ ശേഷി വികസനം | ചുറ്റുമതിൽ ഗേറ്റ് | പി.ടി.എ ശക്തിപ്പെടുത്തണം. |
| ഗണിത ശേഷി വികസനം | കളിസ്ഥലം | വിദ്യാലയവികസന സമിതി |
| ഇംഗ്ലീഷ് പഠന പരിപോഷണം | കിഡ്സ് പാർക്ക് | പൂർവ്വ വിദ്യാർത്ഥി സംഗമം |
| ശാസ്ത്ര പോഷണ പരിപാടി | ക്ലാസ് മുറി | എസ്.ആർ.ജി |
| വായനാ പരിപോഷണം | കമ്പ്യൂട്ടർ റൂം | പ്രാദേശിക പി.ടി.എ |
| ലൈബ്രറി ശാക്തീകരണം | ലൈബ്രറി | അമ്മമാർക്ക് ഇ സാക്ഷരത |
| പ്രതിഭാ പോഷണം | അടുക്കള | ഭവന സന്ദർശനം |
| നാടക കളരി | ഡൈനിംഗ് ഹാൾ | പഠനക്കൂട്ടം |
| പഠന യാത്ര | അസംബ്ലി ഹാൾ | |
| സെമിനാർ | ടോയ്‌ലറ്റ് | |
| കലാകായികം | ലാബ് | |
| പ്രവർത്തി പരിചയം | കൃഷിത്തോട്ടം | |
| ജൈവവൈവിധ്യ പാർക്ക് | | |
| പപ്പട്രി/ഒറിഗാമി ദിനാചരണങ്ങൾ | | |

## സമ്മാന്യം

**മികവ്: കുട്ടികൾക്ക് അക്ഷര ജ്ഞാനം ലഭിക്കുന്നുണ്ട്. സാധാരണ വായന നടക്കുന്നുണ്ട്.**

**പോരായ്മ: ഭാഷയിലെ മുഴുവൻ പഠന നേട്ടങ്ങളും, കുട്ടികൾക്ക് പൂർണ്ണമായി അതതു ക്ലാസ്സുകളിൽ ലഭിക്കുന്നില്ല.**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഭൗതികം | പിന്തുണ/മോണിറ്ററിംഗ് |
|---|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അധ്യയന വർഷം ആദ്യം തന്നെ Pre test<br>CPTA<br>അക്ഷരം ഉറപ്പിക്കൽ<br>അടയാളം ഉറപ്പിക്കൽ<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>വായനാ കാർഡുകൾ തയ്യാറാക്കൽ<br>(വാക്കുകൾ, വാക്യങ്ങൾ)<br>~~(+)~~ പ്രദർശനങ്ങൾ<br>വാക്കുകൾ നിർമ്മാണം<br>വാക്യ നിർമ്മാണം<br>ചിത്രം. അടിക്കുറിപ്പ്<br>ചിത്രം നോക്കി കഥപറയാം<br>ചിത്രം നോക്കി കഥ എഴുതാം<br>കഥ പൂരിപ്പിക്കാം<br>ചിത്രം നോക്കാം വരയ്ക്കാം<br>പിന്നാക്കക്കാരെ പരിഗണന | 2 മാസം | 2000 | പുസ്തകങ്ങൾ<br>CD കൾ | അധ്യാപകർ<br>ബി.ആർ.സി<br>രക്ഷിതാവ്<br>പി.ടി.എ<br>മാനേജ്മെന്റ്<br>HM |
| രക്ഷിതാക്കളെ ഭാഷാ പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുകയും കുട്ടിയുടെ പഠനമികവ് ഉയർത്തുകയും ചെയ്യുക. | CPTA<br>രക്ഷിതാക്കളുടെ സഹായത്തോടെ പഠന സാമഗ്രികളുടെ നിർമ്മാണം<br>വാട്സ് ആപ്പ് കൂട്ടായ്മ<br>നിരന്തര വിലയിരുത്തൽ -<br>രക്ഷിതാക്കൾ,അധ്യാപകർ<br>അമ്മയ്ക്കൊരു ക്ലാസ് റൂം | 10 മാസം | 1000 | പഠന സാമഗ്രികൾ<br>Whats app | രക്ഷിതാവ്<br>അധ്യാപകർ<br>SRG<br>HM |
| മികച്ച പഠിതാവ് | കുട്ടികളെ ദത്തെടുക്കൽ<br>Pairgroup പഠനം [illegible]<br>യൂണിറ്റ് ടെസ്റ്റ്<br>ഗൃഹ സന്ദർശനം<br>ടേം മൂല്യനിർണ്ണയം<br>തുടർ പ്രവർത്തനങ്ങൾ | 10 മാസം | 500 | പഠന സാമഗ്രികൾ<br>വർക്ക് ഷീറ്റുകൾ<br>Model question paper | അധ്യാപകർ<br>SRG<br>HM |

# ഇംഗ്ലീഷ്

**മികവ്: ഇംഗ്ലീഷ് ഭാഷയിൽ കുട്ടികൾ പ്രാവീണ്യം നേടാനായി Hello English, Allo എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു**

**പോരായ്മ: ഭാഷ തന്മയത്വത്തോടെ അവതരിപ്പിക്കുവാൻ കഴിയുന്നില്ല. വേണ്ട വിധം പിന്തുണാ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല.**

| ലക്ഷ്യങ്ങൾ | പഠന പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഭൗതികം | പിന്തുണ/മോണിറ്ററിംഗ് |
|---|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കൽ | കുട്ടികളുടെ ഭാഷാനൈപുണി തിരിച്ചറിയുന്നു. (ക്ലാസ് തലം)<br>അക്ഷരക്കാർഡ് നിർമ്മിക്കൽ<br>പദക്കാർഡ് നിർമ്മിക്കൽ<br>പദച്ചങ്ങല<br>പദസൂര്യൻ<br>റൈംസ്<br>പദകേളി<br>ചിത്രം - പദം - ചേരുംപടി<br>റിഡിൽസ്<br>പസിൽസ്<br>കോറിയോഗ്രഫി<br>ആക്ഷൻ സോങ്<br>മോഡൽ ക്ലാസ് | 2 മാസം | 1000 | പുസ്തകങ്ങൾ<br>Magic pot.<br>Kalikkudukka.<br>Minnaminni<br>Rhymes.<br>Short Stories<br>Cards<br>Charts<br>CDS | അധ്യാപകർ<br>രക്ഷിതാവ്<br>പി.ടി.എ<br>HM |
| ഇംഗ്ലീഷ് ഭാഷയിൽ താൽപര്യം ജനിപ്പിക്കൽ | എബിലിറ്റി ഗ്രൂപ്പിംഗ് അധ്യാപകർക്ക് പരിശീലനം Hello English ക്ലാസ്സുകൾ മെച്ചപ്പെടുത്തൽ ഇംഗ്ലീഷ് ദിനപത്ര വായന<br>ഇംഗ്ലീഷ് ലാബ്<br>ഇംഗ്ലീഷ് ബുള്ളറ്റിൻ ബോർഡ്<br>ഇംഗ്ലീഷ് കാർട്ടൂണുകൾ<br>ഇംഗ്ലീഷ് ലൈബ്രറി<br>CD പ്രദർശനം | August on wards | 2000 | Class rooms<br>News papers<br>English lab<br>(Books, Choreography. Drama)<br>Bullatin board<br>CD | Teachers<br>HM<br>PTA<br>Parents |
| ഇംഗ്ലീഷ് ഭാഷയിൽ ഫലപ്രദമായി ആശയവിനിമയം നടത്തുന്നതിന്<br>(Use English as mother tongue) | ഇംഗ്ലീഷ് അസംബ്ലി<br>Story time - Drama. Puppetry<br>Public Speak free talk/Extumbers Speech<br>English Fest<br>English Skit<br>A Day for English English Programming<br>School Radio<br>Spoken English Classes<br>Drame Theator<br>English Magazine Dictionary (Class) | September on wards | 200 | Drama Stage<br>Radio Programe<br>Papers<br>Dictionary | Teachers<br>HM<br>PTA<br>Parents |

## ഗണിതം

**മികവ്: ഗണിതപരമായ പ്രവർത്തനങ്ങൾ ചെയ്യാനുള്ള നൈപുണി ആർജ്ജിച്ചിട്ടുണ്ട്**

**പോരായ്മ: ഗണിത പഠനം ആസ്വാദ്യകരമാക്കാൻ കഴിയുന്നില്ല.**

| ലക്ഷ്യങ്ങൾ | പഠന പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഭൗതികം | പിന്തുണ/മോണിറ്ററിംഗ് |
|---|---|---|---|---|---|
| ഗണിതപരമായി ബന്ധപ്പെട്ട പിന്നാക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്. മൂല്യനിർണ്ണയം<br>CPTA<br>അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തൽ<br>സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ<br>ഗണിത കളികൾ (ക്ലാസ്തലം)<br>ഓരോരുത്തർക്കും ഗണിതകിറ്റ്<br>ഗുണന പട്ടികകൾ-സങ്കലന പട്ടികകൾ ഇവ ഉറപ്പിക്കുന്ന കളികൾ<br>1. പ്രായോഗിക പ്രശ്നങ്ങൾ<br>2. കാർട്ടൂൺ പ്രശ്നം<br>3. കുസൃതി കണക്കുകൾ<br>വർക്ക് ഷീറ്റുകൾ<br>മൂല്യ നിർണ്ണയ പ്രവർത്തനങ്ങൾ | 2 മാസം | 1000 | വർക്ക് ഷീറ്റുകൾ<br>ഐ.സി.ടി<br>Class room | SRG<br>Class Teacher<br>HM<br>Parents |
| ചതുഷ് ക്രിയകൾ നിർദ്ധാരണം അപഗ്രഥനം<br><br>ഗണിതാസ്വാദനം | സംഖ്യാ കാർഡ്<br>പ്രശ്നാപഗ്രഥനം<br>1. വീട്ടിലേക്കുള്ള വഴി<br>2. ഗണിത പ്രശ്നങ്ങൾ<br>മാന്ത്രിക ചതുരം<br>പാമ്പും കോണിയും കളി<br>എടുത്തു മാറ്റാം<br>കടയിലേക്ക്<br>അരിക്കടയിൽ. സംഖ്യാറിബ്ബൺ<br>ബാങ്കിംഗ്<br>ഗണിത കളികൾ<br>സ്ഥാനവില പോക്കറ്റ് നിർമ്മാണം<br>പ്രായോഗിക പ്രശ്നങ്ങൾ<br>കുപ്പിയിൽ വെള്ളം നിറയ്ക്കൽ<br>അളക്കൽ<br>ക്വിസ് മത്സരങ്ങൾ - ക്ലാസ്തലം | | | | |

| ലക്ഷ്യങ്ങൾ | പഠന പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഭൗതികം | പിന്തുണ/മോണിറ്ററിംഗ് |
|---|---|---|---|---|---|
| ഗണിത ക്ലബ്ബ് അംഗത്വം | ഓരോ ക്ലാസ്സിൽ നിന്നും 5 കുട്ടികൾ<br>ഗണിത ക്ലബ്ബിൽ<br>കൺവീനർ പരിചയപ്പെടുത്തൽ<br>അംഗങ്ങൾ<br>ക്ലാസ് റൂം ജ്യാമിതീയ നിർമ്മിതികൾ<br>പ്രദർശനം<br>പസിൽ മേള<br>ഗെയിമുകൾ<br>ഗണിത മൂലകൾ<br>ക്വിസുകൾ<br>ഗണിത മാഗസിൻ<br>ഗണിത കഥകൾ<br>ഗണിതം - ബുള്ളറ്റിൻ ബോർഡ്<br>ഗണിതം മധുരം - വിദഗ്ധരുടെ ക്ലാസ്സ് | ജൂലൈ<br>മാസം മുതൽ | 2000 | ക്ലാസ് മുറി<br>ചാർട്ട്<br>കാർഡ് ബോർഡ്<br>ക്വിസ്<br>ബുള്ളറ്റിൻ ബോർഡ്<br>പഠനോപകരണങ്ങൾ<br>പുസ്തകങ്ങൾ | SRG<br>HM<br>Teachers<br>PTA |
| യുക്തി ചിന്ത<br>മന:കണക്ക് ഇവയിൽ<br>പ്രാവീണ്യം നേടൽ | പാറ്റേണുകൾ<br>മാന്ത്രിക ചതുരം<br>കുസൃതി കണക്ക്<br>പ്രശ്നാപഗ്രഥനം<br>ഗണിത ക്വിസ്<br>ഗണിതമേള | 1 വർഷം | 1000 | പാറ്റേൺ പതിപ്പ്<br>കുസൃതി കണക്ക്<br>പതിപ്പ് | ബി.ആർ.സി<br>PTA |

## പരിസരപഠനം - സാമൂഹ്യശാസ്ത്രം

**മികവ്: സാമൂഹിക ബന്ധങ്ങൾ വളർത്തിയെടുത്തിട്ടുണ്ട്.**

**പോരായ്മ: പ്രാദേശിക കലകൾ - സ്ഥലങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ഗ്രഹിക്കുന്നതിൽ വേണ്ടത്ര വിജയം നേടിയിട്ടില്ല.**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഭൗതികം | പിന്തുണ/മോണിറ്ററിംഗ് |
|---|---|---|---|---|---|
| കുട്ടി വീടിന്റേയും പരിസരത്തിന്റേയും സവിശേഷതകൾ മനസ്സിലാക്കുന്നു<br>വിദ്യാലയത്തെ അറിയുന്നു | നിരീക്ഷണം<br>സവിശേഷതകൾ<br>പ്രദേശത്തെ കളികൾ<br>കളി വിവരണം<br>അഭിമുഖം<br>പോതു ഇടങ്ങൾ കണ്ടെത്തൽ<br>തൊഴിലുകൾ<br>എന്റെ വീട്ടിലേയ്ക്ക് (Field trip)<br>സർവ്വേ<br>ചെക്ക്ലിസ്റ്റ് പൂർത്തിയാക്കൽ<br>പ്രാദേശിക ചരിത്രരചന<br>എന്റെ സ്കൂൾ - നിരീക്ഷണങ്ങൾ<br>സ്കൂൾ ചരിത്രം അഭിമുഖം രജിസ്റ്റർ പരിശോധന | 2 മാസം | 1000 | പുസ്തകങ്ങൾ<br>ICT<br>രജിസ്റ്റർ<br>ഫലകങ്ങൾ | PTA<br>HM<br>Teachers<br>SRG<br>SSG |
| കുട്ടിയിൽ ദേശീയബോധം ഉണർത്തുക | ചിത്രപ്രദർശനം (സ്വാതന്ത്ര്യ സമര സേനാനികൾ)<br>പുസ്തക വായന - (സ്വാതന്ത്ര്യം)<br>സുഭാഷ് ചന്ദ്രബോസ്<br>ഭഗത്സിംഗ്<br>ടാഗോർ<br>പതിപ്പ് തയ്യാറാക്കുക<br>ചുമർ പത്രിക നിർമ്മാണം<br>സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടങ്ങൾ CD പ്രദർശനം<br>1. മംഗൾ പാണ്ഡെ<br>2. ഭഗത്സിംഗ്<br>3. ഝാൻസിറാണി<br>4. ജാലിയൻവാലാബാഗ് etc<br>ഗാന്ധി സിനിമാ പ്രദർശനം<br>സ്വാതന്ത്ര്യത്തിന് മുമ്പ്/ശേഷം<br>സ്വാതന്ത്ര്യസമര സേനാനികൾ അഭിമുഖം | 1 മാസം (ആഗസ്റ്റ്)<br>10 മാസം | 1000<br>500 | പുസ്തകങ്ങൾ<br>ICT<br>പഠന സാമഗ്രികൾ<br>വർക്ക് ഷീറ്റുകൾ<br>Model question paper | PTA<br>Teachers<br>SRG<br>HM<br>അധ്യാപകർ<br>SRG<br>HM |

| ലക്ഷ്യങ്ങൾ | പഠന പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഭൗതികം | പിന്തുണ/മോണിറ്ററിംഗ് |
|---|---|---|---|---|---|
| കുട്ടിയെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കൽ | 1. ക്ലാസ്സിലൊരു കുട്ടിഡോക്ടർ<br>2. രോഗങ്ങൾ പട്ടികപ്പെടുത്തൽ<br>3. രോഗം - പത്രവാർത്ത<br>4. അനുഭവം - രോഗം<br>5. നഖം വെട്ടൽ/കൈ കഴുകൽ മത്സരം<br>6. ICT സാധ്യതകൾ-രോഗങ്ങൾ<br>7. പരിസര ശുചിത്വം.<br>ICT പ്രദർശനം<br>പരിസരം വൃത്തിയാക്കൽ<br>8. വ്യായാമം<br>കളികൾ<br>മത്സരങ്ങൾ<br>9. ഡോക്ടറോടൊപ്പം<br>അമ്മയും ഞാനും<br>(ബോധവത്ക്കരണ ക്ലാസ്) | 1 മാസം | 1500 | ICT | PTA<br>Teachers<br>Doctor<br>HM |
| ഇന്ത്യ/കേരളം അടിസ്ഥാന വിവരങ്ങൾ തിരിച്ചറിയൽ | ഭൂപടവായന (ക്ലാസ്സടിസ്ഥാനം)<br>രേഖപ്പെടുത്തലുകൾ<br>സംസ്ഥാനങ്ങൾ/ജില്ലകൾ<br>തിരിച്ചറിയുന്നു.<br>പ്രാദേശികഭാഷ അറിയൽ, വിവിധ<br>ഭാഷ പരിചയപ്പെടൽ<br>സവിശേഷതകൾ-പ്രദേശം/ജനങ്ങൾ<br>ഭൂപട നിർമ്മാണം<br>ഓരോ പ്രദേശത്തേയും/<br>സംസ്ഥാനത്തേയും കലാരൂപങ്ങൾ<br>പട്ടികപ്പെടുത്തൽ<br>ICT സാധ്യത-പ്രദർശനം<br>കേരളം - കലാരൂപം/ആഘോഷങ്ങൾ<br>നാടൻപാട്ട്<br>നാടൻ കലകൾ<br>കളി ഉപകരണങ്ങൾ<br>പതിപ്പ് നിർമ്മാണം | 2 മാസം | 2000 | ഭൂപടം<br>ഇന്റർനെറ്റ്<br>പുസ്തകങ്ങൾ | PTA<br>Teachers<br>HM |

| ലക്ഷ്യങ്ങൾ | പഠന പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഭൗതികം | പിന്തുണ/മോണിറ്ററിംഗ് |
|---|---|---|---|---|---|
| കുട്ടികളെ<br>മിതവ്യയശീലത്തിലേക്ക്<br>നയിക്കുന്നു | അങ്ങാടിയിൽ നിന്നു വാങ്ങുന്നവ<br>പട്ടികയാക്കൽ<br>ഗുണദോഷങ്ങൾ തിരിച്ചറിയൽ-ചർച്ച<br>വീട്ടിൽ വരവും ചെലവും<br>കടയിൽ നിന്നെന്തെല്ലാം<br>കുടുംബബജറ്റ് രൂപീകരണം<br>മിച്ചം വയ്ക്കൽ<br>c£ rX m; 1 fmsOm w (PTAചർച്ചകൾ)<br>മിച്ചം വച്ച തുക ബാലനിധിയിലേക്ക് | 4 മാസം | | | Teachers<br>PTA<br>SRG<br>HM |
| സാമൂഹ്യശാസ്ത്ര ക്ലബ്ബ്<br>രൂപീകരണം<br>പഠന സാധ്യതകൾ<br>ഉയർത്തുന്നതിന് | മോഡലുകളുടെ നിർമ്മാണം<br>പ്രദർശനം (ക്ലാസ്)<br>സെമിനാറുകൾ<br>ക്വിസ്സുകൾ<br>പഠനയാത്രകൾ<br>ചരിത്ര പഠന സാധ്യതകൾ<br>ഗ്ലോബ് പരിശോധന<br>സ്കൂൾ പാർലമെന്റ്<br>കുട്ടിപ്പോലീസ്<br>സംവാദം | 1 വർഷം | 20000 | ക്ലാസ്റൂം<br>ചാർട്ട്<br>ഗ്ലോബ്<br>പുസ്തകങ്ങൾ | Teachers<br>PTA<br>SRG<br>SSG<br>HM |

## സയൻസ്

**മികവ്: ശാസ്ത്രീയാഭിരുചിയുണ്ട്**

**പോരായ്മ: ഗവേഷണാത്മക പഠനത്തിനുള്ള സാധ്യതയുണ്ട്.**

| ലക്ഷ്യങ്ങൾ | പഠന പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഭൗതികം | പിന്തുണ/മോണിറ്ററിംഗ് |
|---|---|---|---|---|---|
| പരിസരബന്ധിതമായ പഠന സാധ്യതകൾ ഒരുക്കുക | പരിസ്ഥിതി ദിനാഘോഷം<br>സൗഹൃദച്ചെടി<br>റാലികൾ/പ്രഭാഷണങ്ങൾ/പോസ്റ്ററുകൾ<br>സ്കൂൾ പരിസരം. സൗന്ദര്യ വത്ക്കരണം<br>ഓരോ കുട്ടിക്കും ഓരോ ചെടി<br>ഔഷധത്തോട്ട നിർമ്മാണം<br>പച്ചക്കറിത്തോട്ടത്തിലേക്ക് രക്ഷിതാക്കളുടെ പങ്കാളിത്തം<br>ഉച്ചയൂണിന് എന്റെ ക്ലാസിന്റെ പച്ചക്കറിയും. | 1 വർഷം | 2000 | Chart<br>ചെടിച്ചട്ടികൾ<br>Grow bags<br>ഔഷധച്ചെടികൾ,<br>വിത്തുകൾ | Teachers<br>PTA<br>Management<br>HM<br>SRG<br>SSG |
| ജലം അമൂല്യമാണ് എന്ന ബോധ്യത്തിലേക്ക് | ഞാനും എന്റെ ബോട്ടിലും (അളവറിയൽ)<br>ജലപരീക്ഷണങ്ങൾ (ക്ലാസ് തലം)<br>ജലം - പ്രത്യേകതകൾ, പ്രവർത്തനങ്ങൾ ഉപകാരങ്ങൾ<br>ജലം പാഴാക്കപ്പെടുന്നുണ്ടോ (വീട്) (സർവ്വെ)<br>റിപ്പോർട്ട് സമർപ്പണം (ക്ലാസ് തലം)<br>എന്റെ സ്ക്കൂളിൽ ജലം പാഴാകുന്നുണ്ടോ<br>നിരീക്ഷണം<br>ചർച്ച<br>സംവാദങ്ങൾ<br>എനിക്കൊരു കപ്പ് വെള്ളം<br>ചുമർ പത്രിക<br>നോട്ടീസ് - പൊതുജനങ്ങൾക്ക് | 1 വർഷം | 1000 | ബോട്ടിൽ<br>കപ്പ്<br>അളവുപാത്രം | Teachers<br>SRG<br>PTA<br>HM |

| ലക്ഷ്യങ്ങൾ | പഠന പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഭൗതികം | പിന്തുണ/മോണിറ്ററിംഗ് |
|---|---|---|---|---|---|
| ആകാശ വിസ്മയങ്ങൾ അറിയൽ | ആകാശം (ക്ലാസ് തല പ്രവർത്തനങ്ങൾ)<br>ആകാശ വിസ്മയങ്ങൾ-ദിനപത്രങ്ങളിൽ<br>സൗരയൂഥത്തിൽ എന്റെ ഭൂമി<br>ഭൂമിയെ അറിയൽ (ക്ലാസ്തലം)<br>സൗരയൂഥ മാതൃക<br>ICT സാധ്യത<br>ഗ്രഹണക്കാഴ്ചകൾ<br>Stellarium<br>ആകാശം-CD പ്രദർശനം<br>ആകാശം എന്ന വിസ്മയലോകം<br>Starwatching | നവംബർ<br>ഡിസംബർ<br>ജനുവരി | 2500 | ഭൂമി മാതൃക<br>CDകൾ | PTA<br>SSG<br>Teachers<br>HM<br>വിദഗ്ദ്ധർ |
| ശാസ്ത്രലോകത്തെ കൗതുകങ്ങൾ തിരിച്ചറിയൽ | കുട്ടിയും പരിസരവും<br>പരീക്ഷണ മൂലകൾ<br>പഠന ക്യാമ്പുകൾ<br>ശാസ്ത്രപഠന വിദ്യകൾ<br>ഡിബേറ്റുകൾ<br>സെമിനാറുകൾ<br>റോക്കറ്റ് നിർമ്മാണം<br>ശാസ്ത്രപുസ്തക വായന<br>ശാസ്ത്രജ്ഞന്മാരെ അറിയാം<br>(ദിനാചരണം)<br>സയൻസ് പാർലമെന്റ്<br>സയൻസ് ക്വിസ്<br>ശാസ്ത്രകൗതുകം-വിദഗ്ദ്ധർ | സെപ്റ്റംബർ മുതൽ മാർച്ച് വരെ | 20000 | ടെലിസ്കോപ്പ്<br>ലെൻസ്<br>പുസ്തകങ്ങൾ | Teachers<br>PTA<br>HM<br>SRG<br>SSG |

## ലൈബ്രറി വികസനം

**മികവ്: കുട്ടികൾക്ക് വായനാഭിരുചിയുണ്ട്. വായനാ പ്രവർത്തനങ്ങൾ നടക്കുന്നു.**
**പുസ്തക പരിചയം, ആസ്വാദനക്കുറിപ്പ് എന്നി പ്രവർത്തനങ്ങളിൽ കുട്ടികൾ പങ്കാളികളാകുന്നു**
**പോരായ്മ: കുട്ടികളിലെ ആശയതലം കുറവാണ്.**

| ലക്ഷ്യങ്ങൾ | പഠന പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഭൗതികം | പിന്തുണ/മോണിറ്ററിംഗ് |
|---|---|---|---|---|---|
| ജൈവിക വായനക്കുള്ള സാധ്യത ഒരുക്കൽ ലൈബ്രറി വികസനം | 1. കുട്ടികളുടെ വായനാഭിരുചി തിരിച്ചറിയാനുള്ള പ്രവർത്തനം നടത്തുന്നു.<br>2. ആകർഷകമായ പുസ്തക ശേഖരണം<br>3. ക്ലാസ് ലൈബ്രറി സജ്ജീകരണം<br>4. വായനക്കൂട്ടം രൂപീകരിക്കൽ<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. ടൈറ്റിൽകാർഡ് നിർമ്മാണം<br>7. പുസ്തക ചർച്ച<br>8. വായനാക്വിസ്<br>9. അമ്മ വായന<br>10. അമ്മയും ഞാനും ക്വിസ് പ്രോഗ്രാം<br>11. ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായന<br>12. ഇ.വായന<br>13. കാവ്യക്കൂട്ടം<br>14. തുടർ പ്രവർത്തന സാധ്യത ഒരുക്കൽ (നാടകക്കളരി, സംഗീത ശിൽപശാല ഒരുക്കൽ) | 6 മാസം | 10000 | ലൈബ്രറി പുസ്തകങ്ങൾ | PTA<br>പൂർവ്വവിദ്യാർത്ഥികൾ<br>അധ്യാപകർ |
| മികച്ച എഴുത്തുകാരാക്കൽ | എഴുത്തുകൂട്ട രൂപീകരണം<br>സാഹിത്യകാരന്മാരുടെ സംവേദം<br>അധ്യാപകരുടേയും കുട്ടികളുടേയും വായനാക്കുറിപ്പ് പ്രസിദ്ധീകരണം | 6 മാസം | 2000 | ചാർട്ട് | Teachers<br>SRG<br>PTA<br>HM |

# സർഗ്ഗാത്മക പ്രവർത്തനങ്ങൾ

## മികവ്: കുട്ടികളിൽ ധാരാളം സർഗ്ഗാത്മക ശേഷിയുണ്ട്.

## പോരായ്മ: എല്ലാ മേളകളിലും സജീവ സാന്നിധ്യം ഉറപ്പിക്കാൻ കഴിയുന്നില്ല.

| ലക്ഷ്യങ്ങൾ | പഠന പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഭൗതികം | പിന്തുണ/മോണിറ്ററിംഗ് |
|---|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗപരവും കായിക പരവുമായ കഴിവുകളെ പ്രോത്സാഹിപ്പിച്ച് ജില്ലാസംസ്ഥാന തലങ്ങളിൽ നേട്ടം കൈവരിക്കാൻ പ്രാപ്തരാക്കുന്നു. | 1. സർഗ്ഗശേഷി തിരിച്ചറിയൽ - ക്ലാസടിസ്ഥാനം<br>2. പരിശീലനക്കളരികൾ - രക്ഷിതാക്കളുടെ പങ്കാളിത്തം<br>3. സ്കൂൾതല മത്സരങ്ങൾ<br>4. മികവ് തെളിയിച്ചവർ - സബ്ജില്ലാ മേളയിലേക്ക്<br>5. പരിശീലനത്തിനായി വിദഗ്ദ്ധരുടെ സഹായം<br>6. ശിൽപ്പശാലകൾ | 6 മാസം | 1000 | ക്ലാസ്മുറികൾ | PTA<br>BRC |

## ഭിന്നശേഷിക്കൊരു കൈത്താങ്ങ്

മികവ്: ഭിന്നശേഷിയുള്ള കുട്ടികൾക്ക് പഠന സാഹചര്യം ഒരുക്കുന്നുണ്ട്

പോരായ്മ: ഭിന്നശേഷിക്കാർക്ക് സമൂഹത്തിന്റെ മുഖ്യധാരയിലെത്താൻ വേണ്ട പരിശോധനകൾ നൽകാൻ കഴിയുന്നില്ല

| ലക്ഷ്യങ്ങൾ | പഠന പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഭൗതികം | പിന്തുണ/മോണിറ്ററിംഗ് |
|---|---|---|---|---|---|
| ഭിന്നശേഷിയുള്ള കുട്ടി | 1. ഭിന്നശേഷിക്കാരുടെ അഭിരുചിക്കനുസരിച്ച് അവരുടെ ഇരിപ്പിടങ്ങൾ സജ്ജീകരിക്കുന്നു.<br>2. കുട്ടികളുടെ ഗുണപരമായ കഴിവുകൾ കണ്ടെത്തുന്നു.<br>3. കുട്ടികൾക്കായി പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കുന്നു.<br>4. ക്ലാസ് റൂമുകളിൽ മൊഡ്യൂളുകൾ വിനിമയം ചെയ്യുന്നു.<br>5. നിരന്തര വിലയിരുത്തൽ.<br>6. കലാകായിക പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.<br>7. പ്രത്യേക ചോദ്യ പേപ്പർ തയ്യാറാക്കിയുള്ള മൂല്യനിർണ്ണയം. | 1 വർഷം | 20000 | മാനേജ്മെന്റ്<br>ക്ലാസ്റൂം | SRG<br>BRC<br>PTA<br>Teachers |

## മത്സരവിജയികൾ

**LSS വിജയികളെ നേടാൻ കഴിയുന്നുണ്ട്. ക്വിസ് പ്രോഗ്രാമുകളിൽ വിജയം നേടാൻ കഴിയുന്നുണ്ട്. പോരായ്മ: പങ്കെടുപ്പിക്കുന്ന എല്ലാ കുട്ടികൾക്കും LSS ലഭിക്കുന്നില്ല നവോദയ പരിശീലനം സംഘടിപ്പിക്കാൻ കഴിയുന്നില്ല.**

| ലക്ഷ്യങ്ങൾ | പഠന പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഭൗതികം | പിന്തുണ/മോണിറ്ററിംഗ് |
|---|---|---|---|---|---|
| കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തി പൊതുജന ശ്രദ്ധ ആകർഷിക്കുക. | 1. Pre test<br>2. Work sheets വിഷയ ബന്ധിതം<br>3. OMR<br>4. Class PTA അവതരണം<br>5. പ്രത്യേക പരിശീലനങ്ങൾ<br>6. മോഡൽ പരീക്ഷകൾ<br>7. ക്വിസ് മത്സരങ്ങൾ (ദിനാചരണം, വർത്തമാനം)<br>8. പഠന ക്യാമ്പുകൾ | 1 വർഷം | 1000 | ക്ലാസ് മുറികൾ<br>പുസ്തകങ്ങൾ<br>Work sheets | മാനേജ്മെന്റ്<br>PTA<br>അധ്യാപകർ<br>വിദഗ്ദ്ധർ |

## ജൈവ വൈവിധ്യം

## മികവ്: ജൈവവൈവിധ്യ പഠന സാധ്യതയുള്ള സ്കൂൾ അന്തരീക്ഷം

## പോരായ്മ: വാതിൽപ്പുറ പഠന സാധ്യതകൾ പലപ്പോഴും പ്രയോജനപ്പെടുത്തുന്നില്ല

| ലക്ഷ്യങ്ങൾ | പഠന പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഭൗതികം | പിന്തുണ/മോണിറ്ററിംഗ് |
|---|---|---|---|---|---|
| പരിസരബന്ധിത പഠനാന്തരീക്ഷം ഒരുക്കൽ | * ജൈവവൈവിധ്യ പാർക്ക് നിർമ്മാണം<br>* ശലഭോദ്യാനം നിർമ്മാണം<br>* പൂന്തോട്ടങ്ങൾ സൗന്ദര്യവത്ക്കരിക്കുന്നു.<br>* ആവാസ വ്യവസ്ഥ പഠന ക്യാമ്പ്<br>* കാർഷിക ക്ലബ്ബിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ<br>* വാതിൽപ്പുറ പഠനം (കുളം നിർമ്മാണം) | 1 വർഷം | 200000 | സ്കൂൾ പരിസരം, കുളം | PTA<br>മാനേജ്മെന്റ്<br>അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ |

പേര്: ചുറ്റുമതിൽ
മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതമായി സ്കൂൾ കാമ്പസിനെ സംരക്ഷിക്കൽ | ചുറ്റുമതിൽ ഇല്ലാത്തിടങ്ങളിൽ മുൻവശത്തെ ചുറ്റുമതിൽ ആകർഷകമാക്കുക | 1 വർഷം | പി.ടി.എ മാനേജ്മെന്റ് പഞ്ചായത്ത് | 10 ലക്ഷം (ജില്ലാപഞ്ചായത്ത്) |

പേര്: കവാടം, പടിപ്പുര
മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ ആകർഷകമാക്കൽ സുരക്ഷിതത്വം | ആകർഷണീയമായ വിധത്തിൽ സ്കൂളിന്റെ കവാടം പടിപ്പുര എന്നിവ സജ്ജമാക്കൽ | 1 വർഷം | പി.ടി.എ മാനേജ്മെന്റ് പഞ്ചായത്ത് | 3 ലക്ഷം (ജില്ലാപഞ്ചായത്ത്) |

പേര്: പുതിയ മന്ദിരം/ക്ലാസ്റൂം സപ്പെറേഷൻ വാൾ
മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതിക സൗകര്യമൊരുക്കി അക്കാദമിക് പ്രവർത്തനം കാര്യക്ഷമമാക്കൽ ക്ലാസ്റൂം സെപ്പറേറ്റ് ചെയ്ത് പ്രവർത്തനം കാര്യക്ഷമമാക്കൽ | അസംബ്ലിഹാൾ എന്ന പുതിയ മന്ദിരം മഴക്കാലത്തും സുഖപ്രദമായ അന്തരീക്ഷത്തിൽ അസംബ്ലി ചേരാൻ സാധിക്കണം<br>ക്ലാസ്തല പ്രവർത്തനങ്ങൾ പുരോഗമിക്കാൻ സെപ്പറേറ്റിംഗ്ഹാൾ വേണം | 1 വർഷം<br>1 വർഷം | പി.ടി.എ മാനേജ്മെന്റ് പഞ്ചായത്ത് | 10ലക്ഷം (ജില്ലാപഞ്ചായത്ത്) |

പേര്: കിഡ്സ് പാർക്ക്
മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ആരോഗ്യ കായിക വിനോദ ഉപാധികളൊരുക്കൽ | പ്രധാന മന്ദിരത്തിന് മുന്നിലുള്ള മുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കൽ മുറ്റം ഉയരം കൂട്ടി ട്രെസ്സ് വർക്ക് ചെയ്യൽ | | 2 വർഷം | പി.ടി.എ മാനേജ്മെന്റ് | 20 ലക്ഷം |

പേര്: പി.എസ്.സി. കോച്ചിംഗ് ക്ലാസ്
മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | അവധി ദിവസങ്ങളിൽ പി.എസ്.സിയ്ക്ക് വിവിധ തസ്തികകളിൽ ജോലി നേടുന്നവർക്ക് കോച്ചിംഗ് ക്ലാസ് | എല്ലാ ഞായറാഴ്ചയും പൊതു അവധി ദിവസങ്ങൾ | പി.ടി.എ | |

പേര്: വായനക്കൂട്ടം
മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ നാട്ടിലെ വായനാതത്പരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾ വിധേയമായി വായിക്കാൻ നൽകൽ. നല്ല വായനക്കാരനെ ആദരിക്കൽ | ആവശ്യാനുസരണം | ലൈബ്രേറിയൻ | |

പേര്: പഠനക്കൂട്ടങ്ങൾ
മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികവുകളുടെ അവതരണം പഠനം കാര്യക്ഷമമാക്കൽ | വിദ്യാർത്ഥികളെ മേഖലകളായി തിരിച്ച് പഠനക്കൂട്ടങ്ങൾ രൂപീകരിക്കണം. ഓരോ ടേമിലും ഒന്നു വീതം അര ദിവസം നീണ്ടു നിൽക്കുന്ന വിവിധ മികവുകളുടെ അവതരണവും രക്ഷിതാക്കൾക്ക് സമകാലിക പ്രസക്തിയുള്ള ക്ലാസ് സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം പഠനക്കൂട്ടം. ഓരോ ടേമിലും ഒന്നുവീതം മികവുകളുടെ അവതരണം | SRG, PTA | 5000 |

പേര്: രക്ഷിതാക്കൾക്ക് ഇ-സാക്ഷരത
മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | അവധി ദിവസങ്ങളിൽ അമ്മമാർക്ക് കമ്പ്യൂട്ടർ പരിശീലനം | ആഴ്ചയിൽ ഒരു ദിവസം | ഐടി @ സ്കൂൾ | |

പേര്: അങ്കണവാടി കലോത്സവം

മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ. നവാഗതരാകേണ്ടവർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | വിദ്യാലയത്തിന്റെ പരിസരത്തുള്ള അങ്കണവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ച് കൊണ്ട് കലോത്സവം സംഘടിപ്പിക്കൽ. വിരുന്ന് നൽകൽ | വർഷത്തിൽ ഒരു തവണ | പി.ടി.എ | 10000 |

പേര്: പ്രാദേശിക പി.ടി.എ യോഗങ്ങൾ
മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ രീതിയിൽ പി.ടി.എ യോഗങ്ങൾ ചേരൽ | വർഷത്തിൽ ഒരു തവണ | SRG | 10000 |

പേര്: പൂർവ്വവിദ്യാർത്ഥി സംഗമങ്ങൾ

മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹികപങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വവിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ. അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ഫണ്ട് സമാഹരണം | വർഷത്തിൽ 2 തവണ | PTA | 5000 |

പേര്: പൂർവ്വാധ്യാപക സംഗമം

മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹികപങ്കാളിത്തം ഉറപ്പാക്കൽ | അധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ്വാധ്യാപകരെ വിളിച്ചു ചേർത്ത് സമിതി രൂപീകരിക്കൽ | 2 വർഷത്തിൽ ഒരിക്കൽ | സ്റ്റാഫ് കൗൺസിൽ | 10000 |